(ബി) ആലപ്പുഴ ജില്ലയിൽ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവിടെ എത്ര പേർക്ക് പരിശീലനം നൽകുന്നുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പട്ടികവർഗ്ഗ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രത്യേക കേന്ദ്ര സഹായ പദ്ധതിപ്രകാരം ലഭിക്കുന്ന തുക വിനിയോഗിച്ച് സ്ത്രീകൾക്ക് പശു, ആട്, കോഴി വളർത്തൽ, തയ്യൽ മെഷീൻ വിതരണം, കമ്പ്യൂട്ടർ പരിശീലനം, ഫാഷൻ ടെക്നോളജി തുടങ്ങിയ നിരവധി സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ തൊഴിൽരഹിതരായ 500 പട്ടികവർഗ്ഗ യുവതികൾക്ക് സ്ഥിരവരുമാനം ഉറപ്പ് വരുത്തുന്നതിനായി ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം നടത്തി ഓട്ടോറിക്ഷാ വിതരണം ചെയ്യുന്ന ഒറ്റത്തവണ പദ്ധതിയും ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ഗവൺമെന്റ് അംഗീകൃത കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കോളേജിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ഫാഷൻ ടെക്നോളജിയിൽ (ടെയിലറിംഗ്) പരിശീലനം നൽകിവരുന്നു. നിലവിൽ 20 പട്ടികവർഗ്ഗ സ്ത്രീകൾക്ക് ഇവിടെ പരിശീലനം നൽകിവരുന്നു.

അരിവാൾ രോഗം ബാധിച്ചവർക്ക് ഭൂമി വിതരണം

292 (640) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരിവാൾ രോഗം ബാധിച്ചവർക്ക് 2015 മാർച്ച് 31-നകം ഒരേക്കർ ഭൂമി വിതരണം ചെയ്യുന്ന പദ്ധതിയിൽ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് പറയാമോ ; ഇത്തരത്തിൽ ഭൂമി ലഭിച്ചവരുടെ പേരും വിലാസവും ലഭ്യമാക്കാമോ ;

(ബി) ടി.ആർ.ഡി.എം. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിയമിതനായ ഉദ്യോഗസ്ഥൻ ആരാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയനാട്ടിൽ 50 കോടി രൂപ വിനിയോഗിച്ച് അരിവാൾ രോഗം ബാധിച്ചവർക്ക് മുൻഗണന നൽകി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ വീതം ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ടി.ആർ.ഡി.എം. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറെ സ.ഉ.(ആർ.റ്റി.) നമ്പർ 1457/2015/ജി.എ.ഡി. തീയതി 28-2-2015 പ്രകാരം നിയമിച്ചിട്ടുണ്ട്. (അനുബന്ധം)*

സെന്റർ ഫോർ ടൈബൽ എജ്യുക്കേഷൻ ഡെവലപ്മെന്റ് ആന്റ് റിസർച്ചിന്റെ പഠന റിപ്പോർട്ട്

293 (641) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടെ എഴുപതോളം ശിശുമരണങ്ങളും ഇതിനടുത്ത് ഗർഭസ്ഥ ശിശുമരണങ്ങളും നടന്ന അട്ടപ്പാടിയുടെ ദൈന്യത വിളിച്ചറിയിക്കുന്ന സെന്റർ ഫോർ ടൈബൽ എജ്യുക്കേഷൻ ഡെവലപ്പ്മെന്റ് ആന്റ് റിസർച്ചിന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2013-ലെ ശിശുമരണത്തെ തുടർന്ന് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ; കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2013-ലെ ശിശുമരണത്തെ തുടർന്ന് നടപ്പിലാക്കിയ സാമൂഹ്യക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, സബല പദ്ധതി, അമൃതം ന്യൂട്രീഷ്യൻ മിക്സ് വിതരണം, ആരോഗ്യ വകുപ്പിന്റെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ് വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്ക് അയൺ ഗുളികകൾ, ഫോളിക് ആസിഡ് ഗുളിക വിതരണം, സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം, പട്ടിക്വർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യ സഹായ പദ്ധതി എന്നിവ യഥാവിധി നടപ്പിലാക്കിവരുന്നു. ശിശുമരണ തോത് വളരെയധികം കുറഞ്ഞത് സർക്കാർ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly